# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 628      11/07/2012 ൽ മറുപടിക്ക്

## എല്ലാ സ്ഥാപനങ്ങളിലേക്കും പബ്ളിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ)ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പബ്ളിക് സർവ്വീസ് കമ്മീഷന് നൽകിയിട്ടുള്ളത്; പ്രസ്തുത സ്ഥാപനങ്ങളിലെ എന്തെല്ലാം നിയമനങ്ങളാണ് പി.എസ്.സി.-യ്ക്ക് നൽകിയിട്ടുള്ളത് ; | (എ) കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസിലെ എല്ലാ വകുപ്പുതല നിയമനങ്ങളും (പ്രൊമോഷൻ തസ്തികകൾ ഒഴികെ), പൊതുമേഖല, കമ്പനി, കോർപ്പറേഷൻ, ബോർഡ്, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ, ലോക്കൽ അതോറിറ്റികൾ എന്നീ സ്ഥാപനങ്ങളിലെ ഭൂരിപക്ഷം നിയമനങ്ങളും പി.എസ്.സി-യ്ക്ക് നൽകിയിട്ടുണ്ട്. ഇവയിൽ നേരിട്ടുള്ള നിയമനം, തസ്തിക മാറ്റം വഴിയുള്ള നിയമനം, സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനം, G.O(P)7/11/SWD dated 24.1.11 പ്രകാരം 2004 മുതൽ 2007 വരെ കാലയളവിലെ 3% വികലാംഗ സംവരണ നിയമ പ്രകാരമുള്ള backlog ഒഴിവുകൾ നികത്തുന്നതിനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് എന്നിവ പി.എസ്.സി. നടത്തുന്നുണ്ട്. |
| (ബി) തസ്തികമാറ്റ നിയമനങ്ങൾ, സ്പോർട്ട്സ് ക്വാട്ട നിയമനങ്ങൾ, വികലാംഗ നിയമനങ്ങൾ, ആശ്രിത നിയമനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ധാരാളം പരാതികളും കേസ്സുകളും നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത നിയമനങ്ങളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിന് എല്ലാ വിധ വകുപ്പുതല നിയമനങ്ങളും അവസാനിപ്പിച്ച് മേൽ സ്ഥാപനങ്ങളിലെ ഒഴിവുകൾ പൂർണ്ണമായും പബ്ളിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നതിനും തസ്തികമാറ്റം, സ്പോർട്ട്സ് ക്വാട്ടാ, വികലാംഗ നിയമനം, ആശ്രിത നിയമനം എന്നിവ പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) സർക്കാർ സർവ്വീസിൽ വികലാംഗർക്കായുള്ള 3% സംവരണ തസ്തികകളിലേക്കുള്ള നിയമനം നിലവിൽ പി.എസ്.സി.വഴിയാണ് നടത്തുന്നത്. കൂടാതെ പബ്ളിക് സവ്വീസ് കമ്മിഷൻ നടത്തുന്ന മത്സരപരീക്ഷ വഴിയും നിലവിൽ തസ്തികമാറ്റം നിയമനങ്ങൾ നടത്തുന്നുണ്ട്. സ്പോർട്ട്സ് ക്വാട്ട നിയമനം, ആശ്രിത നിയമനം എന്നിവ പി.എസ്.സി. വഴി നികത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ